**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **08-12-2022 - ൽ മറുപടിയ്ക്ക്**

**ശബരി പാത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ സജി ചെറിയാൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സംസ്ഥാനത്തെ റെയിൽവേ പദ്ധതികളോട് തുടർച്ചയായി പുലർത്തുന്നതായി പറയപ്പെടുന്ന അവഗണനയുടെ ഫലമായി മുടങ്ങിക്കിടന്ന ശബരി പാതയുടെ പകുതി ചെലവ് സംസ്ഥാനം വഹിക്കാമെന്ന വ്യവസ്ഥയിൽ പുനരുജ്ജീവിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ് നിർദ്ദേശമനുസരിച്ച് പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് G.O(Ms) No. 1/2021/Trans Dt 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം പ്രസ്തുത വിവരം റെയിൽവേ ബോർഡിനെ അറിയിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23 ലെ പിങ്ക് ബുക്കിൽ ഐറ്റം നം. 2 പ്രകാരം ഇടം പിടിക്കുകയുമുണ്ടായി. |
| (ബി) | സംസ്ഥാന റെയിൽവേ വികസനത്തിനെതിരെ പ്രവർത്തിക്കുന്ന ചില നിക്ഷിപ്ത താല്പര്യക്കാരുടെ സമ്മർദ്ദം മൂലം പാത ഉപേക്ഷിക്കാൻ പോകുന്നതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി അറിയിക്കാമോ; | (ബി) | അത്തരം ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ല. |
| (സി) | ഇടുക്കി, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ മലയോര മേഖലയുടെ സമഗ്ര വികസനത്തിന് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ നിർദേശാനുസരണം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | ആവശ്യപ്പെട്ടിട്ടുണ്ട്. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് G.O(Ms) No. 1/2021/Trans Dt 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് റെയിൽവേ ബോർഡ് കെ-റെയിലിനെ നിർദ്ദേശിക്കുകയും ഇതു സംബന്ധിച്ച്, ലിഡാർ സർവ്വേ പൂർത്തിയാക്കി അങ്കമാലി - എരുമേലി - ശബരി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 21.03.2022 ന സമർപ്പിക്കുകയും ചെയ്തു. പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ |

| | | | |
|---|---|---|---|
| | | | എത്രയും പെട്ടെന്ന് തുടങ്ങണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രിയും D.O No. 9672021/CM Dated 18.09.2021 എന്ന കത്തിലൂടെ കേന്ദ്ര റെയിൽ വകുപ്പ മന്ത്രിയോട് ഇക്കാര്യം ആവശ്യപെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ